പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 238 17/8/17 ൽ മറുപടിക്ക്

പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

| | ചോദ്യം<br>ശ്രീ എസ് ശർമ്മ<br>,, എ പ്രദീപ്കുമാർ<br>,, എം. രാജഗോപാലൻ<br>,, മുരളി പെരുനെല്ലി | | മറുപടി<br>ശ്രീ എ കെ ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>ഐറ്റി ഐ:<br>പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള ഐറ്റി ഐകളിലായി പ്രതിവർഷം 2070 പേർക്ക് രാവിലെയും ഉച്ചക്കും ഭക്ഷണം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ഹോസ്റ്റൽ<br>വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ റസിഡൻഷ്യൽ ട്യൂട്ടർമാരുടെ ഓണറേറിയം 2,000/ രൂപയിൽ നിന്നും 7,500/ രൂപയായി വർദ്ധിപ്പിച്ചു.<br><br>പഠനമുറി<br><br>സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങളിൽ ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വീട്ടിൽ ഒരു പഠനമുറി എന്ന ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ആദ്യഘട്ടത്തിൽ 5000 വീടുകളോട് അനുബന്ധിച്ച് പഠനമുറി നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വൈദ്യുതി, കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവ ഉൾപ്പെടെ 2,00,000/- രൂപയാണ് ഒരു |

പഠനമുറിക്ക് വകയിരുത്തുന്നത്

**കലാപഠനം**

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ നടത്തുന്ന ബി.എ./ബി.പി.എ./എം.എ./എം.പി.എ. എന്നീ കോഴ്സുകൾക്ക് സംഗീതനൃത്ത വാദ്യ-വിഷയങ്ങൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്, അവരുടെ മെയിൻ/സബ്സിഡിയറി വിഷയങ്ങൾക്ക് പരിശീലനത്തിനാവശ്യമായ ശ്രുതി ബോക്സ്, വയലിൻ, വീണ, കഥകളി-ചെണ്ട, മദ്ദളം, ചിലങ്ക, ആടയാഭരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി 2017-18 -ൽ നടപ്പിലാക്കുന്നതാണ്.

**ഭവനം**

2007-08 മുതൽ 2013-14 വരെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ തുക കൈപ്പറ്റി പണി പൂർത്തിക്കരിക്കാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് **പ്രത്യേക പാക്കേജ് നടപ്പിലാക്കി രണ്ട്** ലക്ഷം രൂപ **ധനസഹായമുണ്ടായിരുന്ന സമയത്ത് വാങ്ങിയ അവസാന ഗഡുവിന്** ആനുപാതികമായ നിരക്കിൽ അധിക ധനസഹായം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

**വാത്സല്യനിധി**

പട്ടികജാതിക്കാരായ ദമ്പതികൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകുന്നതിനായി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനുമായി സഹകരിച്ച് 'വാത്സല്യനിധി' എന്ന പദ്ധതി നടപ്പിലാക്കുന്ന **കാര്യം സർക്കാർ പരിഗണനയിലാണ്.**

**വർക്കിംഗ് വിമൺസ് ഹോസ്റ്റൽ**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം ജില്ലയിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം **നല്കിയിട്ടുണ്ട്** ഈ സാമ്പത്തിക വർഷം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ,എന്നീ മൂന്നു ജില്ലകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് **സർക്കാർ ഉദ്ദേശിക്കുന്നുണ്ട്**

| | | | |
|---|---|---|---|
| | | | അംബേദ്കർ ഗ്രാമവികസന പരിപാടി<br>2016-17 വർഷത്തിൽ 280 പട്ടികജാതി സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി 280 സങ്കേതങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചു |
| (ബി) | പ്രസ്തുത വിഭാഗക്കാർക്കായി വകുപ്പുമന്ത്രി യുടെ ഔദ്യോഗിക നാമധേയത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോ | (ബി) | ഉണ്ട് |
| (സി) | എങ്കിൽ ഏതെല്ലാം വിഭാഗത്തിൽ പ്പെട്ടവരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ചികിത്സാ ധനസഹായമായി എത്ര രൂപ വീതം അനുവദിക്കുന്നുവെന്നും വ്യക്തമാക്കുമോ | (സി) | പട്ടികജാതിയിൽപ്പെട്ട (പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെട്ട) എല്ലാവിഭാഗക്കാരെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടു. രോഗിയുടെ അവസ്ഥ, രോഗത്തിന്റെ കാഠിന്യം, സാമ്പത്തിക സ്ഥിതി, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നത്. മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതത്തിൽപ്പെട്ടവരുമായ 1,00,000/-രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000/- രൂപ വരെ ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നു. ക്യാൻസർ,ഹൃദയ ശസ്ത്രക്രിയ വൃക്ക മാറ്റി വെയ്ക്കൽ, ഡയാലിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോ ഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നു. |
| (ഡി) | ദുരിതാശ്വാസനിധിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്നും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ഏതൊക്കെ യാണെന്നും വ്യക്തമാക്കുമോ | (ഡി) | ദുരിതാശ്വാസ നിധിയിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചിത ഫോമിലുള്ള അപേക്ഷ ജാതി, വരുമാനം, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ എന്നിവ ഉൾപ്പെടെ ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻകളിലെ പട്ടികജാതി വികസന ആഫീസർക്കോ/ബഹു: വകുപ്പു മന്ത്രിയ്ക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ